LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട കച്ചവടക്കാർക്ക് നഷ്ടപരിഹാരം

183 [2621] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിദുരന്തത്തിൽ ആറാട്ടുപുഴ തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ ചെറുകിട കച്ചവടക്കാർക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

'ഞാറയ്ക്കൽ മണ്ഡലത്തിലെ റോഡ് പുനർനിർമ്മാണം'

184 [2622] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ മണ്ഡലത്തിൽ സുനാമി ബാധിത പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർനിർമ്മിക്കുമ്പോൾ അതിനാവശ്യമായ തുക ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽനിന്നും നൽകി ഉത്തരവാകുമോ;

(ബി) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ സുനാമി ബാധിത പ്രദേശങ്ങളിൽ റോഡ് പുനർനിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഞാറയ്ക്കൽ ഉൾപ്പെടെ സുനാമി ബാധിത പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനർനിർമ്മിക്കുന്നതിന് 100 ലക്ഷം രൂപ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ സുനാമി ബാധിത പ്രദേശങ്ങളിൽ റോഡ് പുനർനിർമ്മാണത്തിനായി 356 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.